(Extra Ordinary No. 2247)

**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

**വിജ്ഞാപനം**

സ.ഉ. (പി) നം. 229/2010/തസ്വഭവ തിരുവനന്തപുരം, 2010 സെപ്റ്റംബർ 30.

എസ്.ആർ.ഒ. നമ്പർ 949/2010.– 1994 –ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994 –ലെ 20) 65–ാം വകുപ്പ് (1)–ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് 2010 നവംബർ 1–ാം തീയതിക്കു മുൻപായി കാലാവധി കഴിയുന്ന സംസ്ഥാനത്തെ ഓരോ മുനിസിപ്പാലിറ്റിക്കും പ്രത്യേകമായി, അവയിൽ നിലവിലുള്ള ഭരണസമിതികളുടെ കാലാവധി കഴിഞ്ഞ് 2010 –ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിനുശേഷം അത്തരം മുനിസിപ്പാലിറ്റികൾ പുനർരൂപീകരിക്കുന്നതിനിട യിലുള്ള കാലയളവിലേക്ക് അങ്ങനെയുള്ള ഓരോ മുനിസിപ്പാലിറ്റികളുടെയും ഭരണ നിർവ്വഹണത്തിനായി സർക്കാർ ഉദ്യോഗസ്ഥരായ മൂന്നംഗങ്ങൾ ഉൾപ്പെടുന്ന ഓരോ ഭരണ നിർവ്വഹണ കമ്മിറ്റിവീതം താഴെപ്പറയുന്ന പ്രകാരം നിയമിച്ചുകൊണ്ട് കേരള സർക്കാർ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

I. ഭരണ നിർവ്വഹണ സമിതികളുടെ ഘടന:

എ) മുനിസിപ്പൽ കോർപ്പറേഷൻ–

(i) ജില്ലാ കളക്ടർ,
(ii) മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി,
(iii) കോർപ്പറേഷൻ എഞ്ചിനീയർ.

ബി) മുനിസിപ്പൽ കൗൺസിൽ–

(i) മുനിസിപ്പൽ കൗൺസിൽ സെക്രട്ടറി,
(ii) മുനിസിപ്പൽ എഞ്ചിനീയർ,
(iii) മുനിസിപ്പാലിറ്റിയിലെ സംയോജിത ശിശുവികസന പദ്ധതിയുടെ ചുമതല യുള്ള ഉദ്യോഗസ്ഥൻ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എസ്.എം. വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

# വിശദീകരണകുറിപ്പ്

(ഇതു വിജ്ഞാപനത്തിന്റെ ഭാഗമാകു്തല്ല. എ്ാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തു്തിന് ഉദ്ദേശിച്ചുകൊുള്ളതാണ്.)

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2005 –ലെ പൊതുതെരഞ്ഞെടുപ്പിനുശേഷം സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലെ കൗൺസിലു കൾ 2005 ഒക്ടോബർ 2–ാം തീയതി അധികാരമേറ്റു. അതിനാൽ പ്രസ്തുത മുനിസിപ്പാലിറ്റികളുടെ കാലാവധി 2010 ഒക്ടോബർ 1–ാം തീയതി അവസാനിക്കും. പുതിയ ഭരണ സമിതികൾക്ക് 2010 നവംബർ 1–ാം തീയതി അധികാരമേൽക്കാൻ കഴിയു്തരത്തിലാണ് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2010 –ലെ പൊതുതെരഞ്ഞെടുപ്പ് ക്രമീകരിച്ചിട്ടുള്ളത്. ഇക്കാരണത്താൽ നിലവിലുള്ള ഭരണ സമിതികളുടെ കാലാവധി തീരു്തിനും 2010 –ലെ പൊതുതെരഞ്ഞെടുപ്പിനു ശേഷം മുനിസിപ്പാലിറ്റികൾ പുനർരൂപീകരിക്കു്തിനും ഇടയിലുള്ള കാലയളവിൽ, തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ ഉായിരിക്കില്ല എ്തിനാൽ ഇക്കാലത്തേക്ക്, ഈ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണത്തിനായി ഒരു സംവിധാനം ഏർപ്പെടു ത്തേതു്. 1994 –ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 65(1) വകുപ്പ് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട കൗൺസിലുകൾ നിലവിലില്ലാത്ത കാലയളവിലേക്ക്, മുനിസിപ്പാ ലിറ്റികളുടെ ഭരണ നിർവ്വഹണത്തിനുവേി ഗസറ്റ് വിജ്ഞാപനത്തിലൂടെ ഒരു സ്പെഷ്യൽ ഓഫീസറെയോ അല്ലെങ്കിൽ സർക്കാർ ഉദ്യോഗസ്ഥരായ മൂില്‍ കുറയാത്ത അംഗങ്ങളുള്ള ഒരു ഭരണ നിർവ്വഹണ കമ്മിറ്റിയേയോ നിയമിക്കാൻ സർക്കാരിന് അധികാരമു്. സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിൽ അപ്രകാരം ഒരു ഭരണ നിർവ്വഹണ കമ്മിറ്റിയെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കു്ു.

പ്രസ്തുത ലക്ഷ്യം നിറവേറ്റു്തിന് ഉദ്ദേശിച്ചുകൊുള്ളതാണ് ഈ വിജ്ഞാപനം.